പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5803 — 09/07/2012 ൽ മറുപടിയ്ക്ക്

**ഭൂമികേരളം പദ്ധതി - റീസർവ്വേ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി. ദിവാകരൻ : | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂമി കേരളം പദ്ധതി ഇപ്പോൾ നടക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഭൂമി കേരളം പദ്ധതി പ്രകാരം എത്ര വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനം പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ഭൂമികേരളം പദ്ധതി പ്രകാരം റീസർവ്വേ നടത്തിയ വില്ലേജുകളൊന്നും റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടില്ല. |
| (സി) ഭൂമി കേരളം പദ്ധതിയ്ക്ക് നാളിതു വരെ എത്ര രൂപാ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | പ്ലാൻ ഫണ്ടിനത്തിലും നോൺ പ്ലാൻ ഫണ്ടിനത്തിലുമായി 12.30 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതിയിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ എത്ര പേർ ജോലി നോക്കുന്നുണ്ട് എന്നും ഏത് തസ്തികകളിലാണ് ഇവരെ നിയമിച്ചിട്ടുള്ളത് എന്നും ഓരോരുത്തർക്കും നൽകുന്ന ശമ്പളവും അലവൻസുകളും എത്രയാണ് എന്നും വ്യക്തമാക്കുമോ? | (ഡി) | പദ്ധതികളുടെ നടത്തിപ്പിനായി ഒരു പ്രോജക്ട് മാനേജരും, കമ്പ്യൂട്ടറിന്റെ സാങ്കേതികമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു അസിസ്റ്റന്റ് കൺസൾട്ടന്റും കരാർ വ്യവസ്ഥയിൽ ജോലി നോക്കി വരുന്നു. പ്രസ്തുത ജീവനക്കാരുടെ ശമ്പള വിവരം ചുവടെ ചേർക്കുന്നു.<br>പ്രോജക്ട് മാനേജർ - ₹ 25,000/- (സഞ്ചിത വേതനം)<br>അസിസ്റ്റന്റ് കൺസൾട്ടന്റ്- ₹ 15,000/- (സഞ്ചിത വേതനം) |

സെക്ഷൻ ഓഫീസർ